**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 157          07.08.2017-ൽ മറുപടിക്ക്**

**<u>മുൻമന്ത്രിക്കെതിരെയുള്ള പരാതി</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) മുൻ ട്രാൻസ്പോർട്ട് മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനെതിരെ ലൈംഗിക ചുവയോടെയുള്ള സംസാരമോ ലൈംഗിക പീഡനമോ ആരോപിച്ചുകൊണ്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (എ) പോലീസിൽ പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതിയിന്മേലുള്ള അന്വേഷണം ഏതു ഘട്ടത്തിലാണ്;<br>(സി) ശ്രീ. എ. കെ. ശശീന്ദ്രൻ എം.എൽ.എ.ക്കെതിരെ കേസ്സെടുത്തുവെങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമാണ് കേസ്സെടുത്തത്; | (ബി) യും (സി) യും പരാതിക്കാരി ബഹു. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച പരാതി CC 528/17 u/s 354 (A) (B), 509 IPC ആയി സ്വീകരിച്ച് അന്വേഷണം നടത്താൻ ബഹു. കോടതി ഉത്തരവായിട്ടുണ്ട്. ബഹു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയമായതിനാൽ പോലീസിന് ലഭിച്ച നിയമ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ പരാതിയിൻമേൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) ഇത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;<br>(ഇ) ജുഡീഷ്യൽ അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇത് സംബന്ധിച്ച് ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചതെന്നും വ്യക്തമാക്കുമോ? | (ഡി) യും (ഇ) യും 31.03.2017 ലെ 29780/എസ്.എസ്.എ 2/2017/ ആഭ്യന്തരം (എസ്.ആർ.ഒ നമ്പർ 167/2017) നമ്പർ വിജ്ഞാപന പ്രകാരമാണ് ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളത്.<br><br>കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സഹിതമുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL TV(N) 634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം, വെള്ളി<br>Thiruvananthapuram, Friday | 2017 മാർച്ച് 31<br>31st March 2017<br>1192 മീനം 17<br>17th Meenam 1192<br>1939 ചൈത്രം 10<br>10th Chaithra 1939 | നമ്പർ<br>No. | 639 |

## കേരള സർക്കാർ

<u>ആഭ്യന്തര (രഹസ്യ വിഭാഗം-എ) വകുപ്പ്</u>

### വിജ്ഞാപനം

നമ്പർ 29780/എസ്.എസ്.എ2/2017/ആഭ്യന്തരം. *തിരുവനന്തപുരം, 2017 മാർച്ച് 31 / 1192 മീനം 17.*

**എസ്. ആർ. ഒ. നമ്പർ 167/2017.**—പൊതുപ്രാധാന്യമുള്ള ഒരു നിശ്ചിത വിഷയം, അതായത്, 2017 മാർച്ച് 26-ന് മംഗളം ടെലിവിഷൻ ചാനലിൽ സംപ്രേഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി ഒരു അന്വേഷണ കമ്മീഷനെ നിയമിക്കേണ്ടത് ആവശ്യമാണെന്ന് കേരള സർക്കാരിന് അഭിപ്രായമുള്ളതിനാലും ;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.

33/1140/2017/S-23.

ഇപ്പോൾ, അതിനാൽ, 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിന് റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. പി. എസ്. ആന്റണിയെ (പഴംപിള്ളി ഹൗസ്, തൊട്ടിയിൽ ക്ഷേത്രത്തിന് സമീപം, പടമുകൾ, കാക്കനാട് പി. ഒ., കൊച്ചി-30) കമ്മീഷൻ ഓഫ് ഇൻക്വയറി ആയി ഇതിനാൽ നിയമിക്കുന്നു.

അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്:—

(i) 26-3-2017-ൽ മംഗളം ടി. വി. ചാനലിൽ സംസ്ഥാന മന്ത്രിയുടേത് എന്ന് പറഞ്ഞ് സംപ്രേഷണം ചെയ്ത സംഭാഷണമടക്കമുള്ള വാർത്തയുടെ നിജസ്ഥിതി എന്താണെന്ന് അന്വേഷിക്കുക;

(ii) പ്രസ്തുത സംഭാഷണം ഏത് സാഹചര്യത്തിൽ ഉണ്ടായതാണ് എന്നന്വേഷിക്കുക;

(iii) റെക്കോർഡ് ചെയ്ത പ്രസ്തുത സംഭാഷണം പിന്നീട് ദുരുദ്ദേശപരമായി എഡിറ്റ് ചെയ്യപ്പെടുകയോ, കൃത്രിമം കാണിക്കുകയോ ഉണ്ടായിട്ടുണ്ടോ എന്നും അതിനു പിന്നിൽ ആരെല്ലാം പ്രവർത്തിച്ചിട്ടുണ്ട് എന്നും അന്വേഷിക്കുക;

(iv) സംഭാഷണം സംപ്രേഷണം ചെയ്തതിൽ നിയമലംഘനമോ, നിയമ വിരുദ്ധമായ കൃത്യങ്ങളോ ഗൂഢാലോചനയോ ഉണ്ടായിട്ടുണ്ടോ എന്നും അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിക്കേണ്ട നിയമ നടപടികൾ എന്തെല്ലാം എന്നും അന്വേഷിക്കുക;

(v) ഈ കേസ്സുമായി ബന്ധപ്പെട്ടതെന്ന് കമ്മീഷൻ കാണുന്ന മറ്റ് കാര്യങ്ങൾ.

കമ്മീഷൻ, ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അന്വേഷണം പൂർത്തിയാക്കി അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

"കേരള സർക്കാരിന്റെ അഭിപ്രായത്തിൽ, അന്വേഷണത്തിന്റെ സ്വഭാവം കണക്കിലെടുത്തും ഈ കേസിന്റെ സാഹചര്യങ്ങൾ കണക്കിലെടുത്തും 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റിലെ (1952-ലെ 60-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പിന്റെ (2), (3), (4), (5) എന്നീ ഉപവകുപ്പുകൾ പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഈ കമ്മീഷന് ബാധകമാക്കേണ്ടതും അതിനാൽ പ്രസ്തുത വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള എല്ലാ വ്യവസ്ഥകളും ഈ കമ്മീഷനും ബാധകമായിരിക്കുമെന്ന് സർക്കാർ ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

നളിനി നെറ്റോ,
*ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2017 മാർച്ച് 26-ന് മംഗളം ടെലിവിഷൻ ചാനലിൽ സംപ്രേക്ഷണം ചെയ്ത വാർത്തയെക്കുറിച്ച് അന്വേഷിക്കുന്നതിനായി 1952-ലെ കമ്മീഷൻസ് ഓഫ് ഇൻക്വയറി ആക്റ്റ് പ്രകാരം ഒരു അന്വേഷണ കമ്മീഷനെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ആവശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

# GOVERNMENT OF KERALA

## Home (Secret Section-A) Department

### NOTIFICATION

No. 29780/SSA2/2017/Home.

*Dated, Thiruvananthapuram, 31st March, 2017 / 17th Meenam, 1192.*

**S. R. O. No. 167/2017.**—Whereas, the Government of Kerala is of the opinion that it is necessary to appoint a Commission of Inquiry for the purpose of making an inquiry into a definite matter of public importance, namely, the news aired in Mangalam television channel on 26th March, 2017.

Now, Therefore, in exercise of the powers conferred by section 3 of the Commissions of Inquiry Act, 1952 (Central Act 60 of 1952) the Government of Kerala hereby appoint a Commission of Inquiry consisting of Shri P. S. Antony [(Retired District Judge), 'Pazhampilli House', Near Thottiyil Temple, Padamugal, Kakkanad P. O., Kochi-30] to inquire into the matter.

The terms of reference of the Commission of Inquiry shall be as follows:—

(i) To inquire into the veracity of the voice clipping said to be that of a Minister of the State telecasted by Mangalam television channel on 26-3-2017;

(ii) To inquire into the circumstances that led to the above conversation;

(iii) To inquire into as to whether the recorded voice clipping was edited or tampered with malafide intentions, and as to who have acted behind that;

(iv) To inquire into as to whether the act of airing the voice clipping is illegal and it involves illegal activities or conspiracies and if so, the legal action to be taken in this regard;

(v) To inquire into the other matters connected with this case as the Commission observes.

The Commission shall complete the inquiry and submit its report to the Government within three months from the date of publication of this notification.

The Government is of the opinion that having regard to the nature of the inquiry to be made and other circumstances of the case, all the provisions of sub-sections (2), (3), (4) and (5) of section 5 of the Commissions of Inquiry Act, 1952 (Central Act 60 of 1952), should be made applicable to the Commission, and therefore, the Government hereby directs under sub-section (1) of the said section that all the provisions aforesaid shall apply to the Commission.

By order of the Governor,

NALINI NETTO,
*Additional Chief Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The Government has decided to appoint a Commission of Inquiry under the Commissions of Inquiry Act, 1952 to inquire into the news that aired in Mangalam television channel on 26th March, 2017.

The notification is intended to achieve the above object.

---

33/t/40